# ഇസ്‌ലാമിക ചിന്ത: 'പ്രശ്നങ്ങളുടെ' മറുപുറം

**'ഇസ്‌ലാമിക** ചിന്ത: പുനരാലോചനയുടെ പ്രസക്തി' എന്ന എന്റെ ലേഖനത്തോട് (ലക്കം: 35) വേണ്ടത്ര പ്രതികരണം ഉണ്ടായതായി കണ്ടില്ല. പൊതുവെ വൈജ്ഞാനിക വിഷയങ്ങളോടുള്ള വിപ്രതിപത്തിയോ, ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുടെ അപ്രസക്തിയോ, പ്രകടിപ്പിച്ച ആളുടെ അപ്രശസ്തിയോ ഒക്കെ കാരണങ്ങളാകാം. എന്ത് പറഞ്ഞു എന്നതിനപ്പുറം ആര് പറഞ്ഞു എന്നതാണ് പലപ്പോഴും ശ്രദ്ധിക്കപ്പെടാനുള്ള മാനദണ്ഡം. എന്തായാലും വൈജ്ഞാനിക ചർച്ചകൾ പൊതുവെ വിരളമായി വരുന്നു എന്നത് യാഥാർഥ്യമാണ്. ഇല്ല എന്നുതന്നെ പറയാവുന്നേടത്തോളമാണ് കാര്യങ്ങൾ. വൈജ്ഞാനിക വിഷയങ്ങളിലുള്ള താൽപര്യം കുറഞ്ഞുവരുന്നതായി വേണമോ മനസ്സിലാക്കാൻ? അതോ പ്രാപ്തരായ പണ്ഡിതന്മാരുടെ അഭാവമോ? രണ്ടായാലും സമൂഹം ജാഗ്രത്താകേണ്ടതുണ്ട്. പ്രതികരണങ്ങളിൽ പ്രകടിപ്പിക്കപ്പെട്ട പ്രസക്ത വീക്ഷണങ്ങളെ കുറിച്ച്:


ആദ്യമായി പറയട്ടെ, മുന്നേ നടന്ന ഒരൊറ്റ പണ്ഡിതനെയും തിരസ്കരിക്കാനോ നിരാകരിക്കാനോ അപ്രസക്തരായി കാണാനോ ശ്രമിക്കുകയായിരുന്നില്ല പ്രസ്തുത ലേഖനത്തിന്റെ ലക്ഷ്യം. അവരുടെ ശ്രമങ്ങളെ നിസ്സാരവൽക്കരിക്കാനും ഉദ്യമിച്ചിട്ടില്ല. അവരുടെ നിലപാടുകൾക്ക് അപ്രമാദിത്വം നൽകി, ഇസ്‌ലാം കർക്കശമായി നിരാകരിച്ച പൗരോഹിത്യത്തിന് പശ്ചാത്തലമൊരുക്കുന്ന അനുധാവന സമ്പ്രദായത്തിന്റെ അപകടകാരിതയിലേക്ക് വിരൽചൂണ്ടുക മാത്രമായിരുന്നു. ഇസ്‌ലാമിക ചിന്തയും പഠനവും, കാലാന്തരേണ പണ്ഡിതന്മാരാൽ വളർത്തപ്പെട്ട 'ഫിഖ്ഹി'ൽ പരിമിതമായിത്തീരുന്ന അവസ്ഥ സംജാതമായി വരുന്നില്ലേ എന്നു വേണം സന്ദേഹിക്കാൻ. അതിനാൽ തന്നെയാണ്, എക്കാലത്തേക്കുമായി ചവിട്ടിനിൽക്കാനുള്ള ഭൂമികയാണ് മുൻകാല പണ്ഡിതന്മാരൊരുക്കിയത് എന്ന അഭിപ്രായത്തോട് വിയോജിക്കേണ്ടിവരുന്നത്. അതെക്കാലത്തും ഖുർആനും സുന്നത്തും തന്നെ ആകണമെന്നാണ് ഇനിയും ആവർത്തിച്ചു പറയാനുള്ളത്. കളരിയിൽ തന്നെ ചുവടുറപ്പിച്ച് വേണം കളിക്കാൻ എന്ന് സാരം.

എ.കെ അബ്ദുന്നാസിറിന്റെ വീക്ഷണങ്ങളിൽ പ്രകടമായി കണ്ടത് അദ്ദേഹം ചില നിഴൽപ്പാടുകളെ ഉപജീവിച്ച് ഉന്നയിക്കുന്ന ആശങ്കകളാണ്. ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ നടത്തപ്പെടേണ്ട ഇജ്തിഹാദിനെ അദ്ദേഹവും നിരാകരിക്കുന്നില്ല. പക്ഷേ, അത് ആര് ചെയ്യും എന്ന കാര്യത്തിലാണ് ആശങ്കപ്പെടുന്നത്. ഒരു നിഘണ്ടുവിന്റെ സഹായത്തോടെ എല്ലാവരും ചെയ്യേണ്ട ഒന്നാണ് ഇജ്തിഹാദ് എന്ന് ആരോ അപരാധം പറഞ്ഞപോലെ. ഗവേഷണത്തിൽ ഭാഷക്കും നിഘണ്ടുവിനുമുള്ള അനിഷേധ്യസ്ഥാനം അടിവരയിട്ടുകൊണ്ടുതന്നെ പറയട്ടെ, അർഹരല്ലാത്തവരൊക്കെ ഇജ്തിഹാദ് നടത്തണമെന്നും, അവർ നടത്തുന്ന ഗവേഷണങ്ങളൊക്കെ എല്ലാവരും അംഗീകരിച്ചുകൊള്ളണമെന്നും ആർക്കാണഭിപ്രായം? ആരാണ് ഗവേഷണത്തിന് അർഹരെന്ന കാര്യം എന്റെ ലേഖനത്തിൽ സൂചിപ്പിക്കപ്പെട്ടതാണ്. 'പ്രവാചകന്മാരുടെ അനന്തരഗാമികൾ' എന്ന വിശേഷണത്തിന് അർഹരായ അതത് കാലത്തെ പണ്ഡിതന്മാർ എന്നു പറഞ്ഞത് ശ്രദ്ധിക്കുക. അദ്ദേഹം ആവലാതിപ്പെടുന്നതു പോലെയുള്ള അജ്ഞരെയോ അൽപജ്ഞരെയോ ഒക്കെയാണോ, പ്രവാചകൻ 'പണ്ഡിതന്മാർ' എന്ന് വിശേഷിപ്പിച്ചിരിക്കുക? പണ്ഡിതന്മാർ നടത്തേണ്ട ഇജ്തിഹാദുകൾ എങ്ങനെ നടത്തപ്പെടണമെന്നത് എന്റെ ലേഖനത്തിന്റെ വിഷയമായിരുന്നില്ല. അത് അടുത്ത ഒരു ഘട്ടത്തിൽ ചർച്ചചെയ്യപ്പെടേണ്ട അനുബന്ധ വിഷയമാണ്. പണ്ഡിതന്മാർ ഒറ്റക്കൊറ്റക്ക് നിർവഹിക്കേണ്ട ഒരു ബാധ്യതയാണോ ഇജ്തിഹാദ്? അതല്ല, അതത് കാലങ്ങളിൽ രൂപവൽക്കരിക്കപ്പെടുന്ന പണ്ഡിത സഭകൾ കൂട്ടായി നടത്തേണ്ട ഒന്നാണോ അത്? ഇസ്‌ലാമിക ഭരണ സംവിധാനമുള്ളേടത്ത് ജനാധിപത്യാടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെടുന്ന 'ശൂറ'(പാർലമെന്റ്)യുടെ ബാധ്യത ആയിരിക്കില്ലേ വാസ്തവത്തിൽ ഇജ്തിഹാദ്? ഭരണകൂട വ്യവസ്ഥ നിലവിലില്ലാത്ത സാമൂഹികാവസ്ഥകളിൽ, സാധ്യമാകുന്നേടത്തോളം ചിന്താവൈവിധ്യങ്ങളെ ഉൾക്കൊള്ളിച്ച് പണ്ഡിതസഭകൾക്ക് രൂപം നൽകാൻ ഇസ്‌ലാമിക സമൂഹം ബാധ്യസ്ഥരല്ലേ? ഇസ്‌ലാം വരച്ചുകാണിക്കുന്ന 'അഹ്‌ലുൽ ഹില്ല്/ഹല്ല് വൽ അഖ്ദ്' എന്ന വിഭാഗത്തിന്റെ ഉത്തരവാദിത്വമെന്ത്? ഇത്യാദി അന്വേഷണങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തേണ്ടത് ആയൊരു ചർച്ചയിലാണ്.

ഖുർആന്റെ കാലികവായന, മുൻവിധികളിൽനിന്ന് മുക്തമായ ഇജ്തിഹാദിന്റെ പുനഃസ്ഥാപനം എന്നിവയൊക്കെ കളമില്ലാതെ കളിക്കാനുള്ള ലൈസൻസ് പതിച്ചുനൽകലാണ് എന്ന് ആരാണ് പറഞ്ഞത്? ഖുർആനിലും സുന്നത്തിലും ഖണ്ഡിതമായ 'നസ്സ്' (പ്രമാണം) ഇല്ലാതെ വരുമ്പോഴും, ഉള്ളവയിൽതന്നെ വീക്ഷണ വൈജാത്യങ്ങൾക്ക് പഴുതുള്ളപ്പോഴും മാത്രമല്ലേ ഇജ്തിഹാദ് തന്നെ പ്രസക്തമാകുന്നുള്ളൂ. എന്നിരിക്കെ ജനഹിതം അനുകൂലമായതുകൊണ്ട് പലിശയും, ജനങ്ങൾക്ക് അഭിനിവേശമായതുകൊണ്ട് മദ്യവും മദിരാക്ഷിയുമൊക്കെ ഹലാലാക്കണമെന്ന് ആർക്കാണ് അഭിപ്രായം? ഇജ്തിഹാദ് ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്നും, ഖുർആന്റെ(ഇസ്‌ലാമിന്റെ) ആത്മസത്തക്ക് നിരക്കുന്നതാകണമെന്നും വ്യക്തമാകാതിരിക്കില്ല എന്റെ ലേഖനം വായിച്ചാൽ. ഇജ്തിഹാദിന്റെ വിഷയത്തിലും പ്രവാചകന്റെ മാതൃക തന്നെയാണ് പിൻപറ്റപ്പെടേണ്ടതെന്നും അവിടുന്ന് ഖുർആന്റെ ആത്മസത്തക്ക് അനുരോധമായാണ് അത് നിർവഹിച്ചിരുന്നതെന്നും വ്യക്തമാക്കപ്പെട്ടതാണ്.

ആയത്തുകളുടെ കഷ്ണങ്ങൾ എടുത്തുകൊണ്ട് തെളിവ് നിരത്തുന്നതാണ് ലേഖകൻ ചോദ്യം ചെയ്യുന്ന മറ്റൊരു വിഷയം. ഇസ്‌ലാം എളുപ്പമാണെന്നും, ജീവിതം ലഘൂകരിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്നുമൊക്കെ വ്യക്തമാക്കുന്ന സൂക്തശകലങ്ങൾ 'ദുർവ്യാഖ്യാനം' ചെയ്യപ്പെടുകയാണു പോൽ! എന്താണാവോ, അവയുടെ ശരിയായ വ്യാഖ്യാനം? അദ്ദേഹം പറയുന്നു; ഇത്തരം സൂക്തങ്ങളൊക്കെ അല്ലാഹു നൽകിയ ഏതെങ്കിലും ഇളവുകളുമായി ബന്ധപ്പെട്ടാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന്. ഇസ്‌ലാമിക ശരീഅത്തിലുള്ള ഒരു നിർബന്ധകാര്യം വേണ്ടെന്നുവെക്കാനോ, ഹറാമായ കാര്യം ചെയ്യാമെന്നുവെക്കാനോ ഉള്ള ലൈസൻസ് അല്ല എന്ന്! ഖുർആനിൽ സൂക്തശകലങ്ങൾ മാത്രമവലംബിച്ചുകൊണ്ടല്ലേ അധികപക്ഷവും നിയമനിർധാരണങ്ങൾ നടത്താനൊക്കൂ, ഖുർആന്റെ അവതരണസമ്പ്രദായം തന്നെ അതായിരിക്കെ പ്രത്യേകിച്ചും? സുവിദിതമല്ലേ, 23 വർഷങ്ങൾക്കുള്ളിൽ സാന്ദർഭികമായി ആവശ്യാനുസാരമാണ് ഖുർആൻ അവതരിച്ചത് എന്ന കാര്യം? അതിനാൽതന്നെ മിക്കവാറും എല്ലാ സൂക്തങ്ങളും ഏതെങ്കിലുമൊരു വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടേ കാണാനാകൂ.

## കത്തുകൾ



അത്തരം സന്ദർഭങ്ങളിൽ തന്നെയാണ് ഖുർആൻ പല പൊതു നിയമങ്ങളും തത്ത്വങ്ങളും പഠിപ്പിക്കാറ്. ലേഖകൻ എടുത്തുദ്ധരിക്കുന്ന *സൂറത്തുൽ അഹ്സാബി*ലെ 36-ാം സൂക്തത്തിന്റെ അവതരണസന്ദർഭം പ്രസിദ്ധമാണല്ലോ. സൈനബി(റ)നെ സൈദി(റ)ന് വിവാഹം ചെയ്തുകൊടുക്കാൻ പ്രവാചകൻ ആലോചിച്ചപ്പോൾ, സൈനബും കുടുംബവും അതിനോട് നീരസം പ്രകടിപ്പിച്ചപ്പോഴാണല്ലോ ആ സൂക്തം അവതരിച്ചത്. എങ്കിൽ അതൊരു പൊതുതത്ത്വമായി അംഗീകരിക്കാൻ അദ്ദേഹത്തിന്റെ തന്നെ വാദമനുസരിച്ച് എങ്ങനെ കഴിയും?

നാം പക്ഷേ അതിനെ, ഖുർആന്റെ പൊതു തത്ത്വമായിത്തന്നെയാണ് കാണുന്നത്. ഏതു വിഷയത്തിലും അല്ലാഹുവിന്റെയും പ്രവാചകന്റെയും 'തീരുമാനം' ഉണ്ടായിക്കഴിഞ്ഞാൽ, അതു തന്നെയാണ് അംഗീകരിക്കപ്പെടേണ്ടത് എന്ന കാര്യത്തിൽ ആർക്കുമുണ്ടാകേണ്ടതില്ല തർക്കം (അത്തരം തീരുമാനങ്ങളിൽ പോലും സാന്ദർഭികമായ നീക്കുപോക്കുകൾ ആകാമെന്ന് കട്ടവന്റെ കൈ വെട്ടുന്നതിലും മുഅല്ലഫത്തുൽ ഖുലൂബിന് സകാത്ത് നിഷേധിച്ചപ്പോഴും ഉമർ(റ) എടുത്ത നിലപാടുകൾ വെച്ച് വിലയിരുത്തപ്പെട്ടിട്ടുണ്ട്. പൊതു തത്ത്വങ്ങളിൽ പോലും ചില അപവാദങ്ങൾ ആകാമെന്നർഥം). പക്ഷേ, പ്രവാചകൻ വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത നിലപാടുകളെടുത്ത വിഷയങ്ങളിൽ, ഇനിമുതലങ്ങോട്ട് ഇതായിരിക്കും നിലപാടെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടില്ലാത്ത സന്ദർഭങ്ങളിൽ എന്താണ് പ്രവാചകന്റെ തീരുമാനമെന്ന് നിർണയിക്കുന്ന ഘടകമേതാണ്? സത്യത്തിൽ അത്തരം പ്രശ്നങ്ങളിൽ ഖുർആന്റെ ആത്മാവിന്നനുരോധമായി സാന്ദർഭികമായ ഏത് തീരുമാനവും ആകാമെന്ന വിശാലമായ കാഴ്ചപ്പാടല്ലേ പ്രവാചകൻ പഠിപ്പിക്കുന്നത്? അങ്ങനെയുള്ള സന്ദർഭങ്ങളിലൊക്കെ പ്രവാചകന്റെ ആ മാതൃക പിൻപറ്റുന്നതു തന്നെയല്ലേ പ്രവാചകന്നുള്ള അനുസരണം?

മനുഷ്യസഹജമായ പരിമിതികൾ കാരണം പൂർണമായി പ്രവാചകനെ പിൻപറ്റുക പ്രായോഗികമല്ലെന്ന് ലേഖകൻ സമ്മതിക്കുന്നു. ഒരു തത്ത്വമെന്ന നിലക്ക് അതിന്റെ സാധ്യത തള്ളിപ്പറയുന്നതാണ് പ്രശ്നം. എഴുതാപ്പുറം മാത്രമേ വായിക്കൂ എന്ന് എന്തിനിത്ര നിർബന്ധം? പ്രവാചകനെ പിൻപറ്റാതിരിക്കൽ ഒരു തത്ത്വമായി അംഗീകരിക്കണമെന്ന് പറഞ്ഞതാരാണ്? ഏതായാലും അങ്ങനെ സഹജമായ ചില പരിമിതികളുണ്ടെന്ന് അദ്ദേഹവും സമ്മതിക്കുന്നുണ്ടല്ലോ. മനുഷ്യനെ പടച്ച ദൈവത്തിന് ആ പരിമിതികൾ മനസ്സിലാകാതിരിക്കില്ല. അവ കൂടി പരിഗണിച്ചേ ദൈവം നിയമനിർമാണങ്ങൾ നടത്തൂ, നടത്തിയിട്ടുള്ളൂ. ദൈവം നൽകിയ ആ പരിഗണന പോലുമുൾക്കൊള്ളാതെ, അത്തരം പരിമിതികൾക്കപ്പുറവും പലതും കൽപിച്ചുവെച്ചിരിക്കുന്നു എന്ന് നിരൂപിക്കുക, എന്നിട്ട് അതംഗീകരിച്ചുകൊള്ളണമെന്ന് ശഠിക്കുക! സാധ്യമല്ലാതെ വരുന്നതൊക്കെ, നിർബന്ധിതാവസ്ഥയുടെ ആനുകൂല്യം വ്യാപകമായി ഉപയോഗപ്പെടുത്തി സായൂജ്യമടയുകയും! അങ്ങനെ ജീവിതം മൊത്തമായി നിർബന്ധിതാവസ്ഥകളുടെ ഊഷരമായ സമുച്ചയമാക്കി മാറ്റുക. ഇതാണ് ഇന്ന് അനുവർത്തിച്ചുപോരുന്ന സമ്പ്രദായം.

ജീവിതത്തെ ഇങ്ങനെ മൊത്തമായി പ്രയാസകരമാക്കിത്തീർക്കുന്ന പ്രക്രിയയെ തന്നെയാണോ സത്യത്തിൽ ഇസ്ലാം 'നിർബന്ധിതാവസ്ഥ' എന്ന് വിവക്ഷിച്ചത്? നിർബന്ധിതാവസ്ഥയെക്കുറിച്ച് പരാമർശിച്ച സന്ദർഭങ്ങൾ പരിശോധിക്കുമ്പോഴൊക്കെ കാണാവുന്ന പ്രത്യേകത, മരണം മുന്നിൽ വരുന്ന സന്ദർഭങ്ങളെക്കുറിച്ചാണ് ഖുർആൻ അങ്ങനെ പരാമർശിക്കുന്നത് എന്നതാണ്. മാതാപിതാക്കൾ കൊടിയ മർദനങ്ങൾ ഏറ്റുവാങ്ങി മരണം വരിച്ചത് കണ്ടപ്പോഴുള്ള അമ്മാറി(റ)ന്റെ മാനസികാവസ്ഥയിൽ കുഫ്റിന്റെ വചനം മനസ്സറിയാതെ ഉരുവിട്ടുപോയതാണ് ഒരു സന്ദർഭം. നിരോധിക്കപ്പെട്ട മാംസഭക്ഷണങ്ങൾ പരാമർശിച്ചതാണ് മറ്റു സന്ദർഭങ്ങൾ; ജീവൻ പോകുമെന്നുള്ളേടത്ത് നിയന്ത്രിതമായി പന്നിമാംസം ഭക്ഷിക്കേണ്ടിവന്നാൽ ആകാമെന്ന്. ആ അനുവാദത്തെയാണ് പലപ്പോഴും ജീവിതത്തിന്റെ മിക്കവാറുമെല്ലാ തലങ്ങളിലേക്കും വലിച്ചുനീട്ടുന്നത്.

**എൻ.കെ.എം ശുകൂർ**
**nkmshukoor@gmail.com**

## ■ ചുരുക്കെഴുത്ത്

**നമ്മുടെ** നാട്ടിലെ മുസ്ലിം മതസംഘടനകൾ നടത്തുന്ന വാദപ്രതിവാദങ്ങളിൽ ജയമല്ലാതെ തോൽവി സമ്മതിക്കാനാരും ഇന്നേവരെ തയാറായിട്ടില്ല. ട്രഷറികളിൽ 55 രൂപ ചലാനടച്ച് മൈക്ക് പെർമിഷനെടുത്ത് ദിനംപ്രതി ആയിരക്കണക്കിന് രൂപ സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടാൻ കഴിഞ്ഞുവെന്നല്ലാതെ ഈ വിഴുപ്പലുകൾകൊണ്ട് നാം എന്തു നേടിയെന്ന് ഇനിയെങ്കിലും ചിന്തിക്കുമോ?

**മൊയ്തീൻകോയ, വെളിമുക്ക്**

**കുടിവെള്ളത്തിനായി** ഒരു കിണറിനു ചുറ്റും തമ്പടിച്ച് നിൽക്കുന്ന ഗ്രാമീണരുടെ ദൈന്യചിത്രം *പ്രബോധനം* കവറിൽ(ഏപ്രിൽ 21) കൊടുത്തത് ഉചിതമായി.

**ടി.എൻ അബ്ദുൽഅസീസ്,**
**ചേന്ദമംഗല്ലൂർ**